പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3488 | 23.06.2014 ൽ മറുപടിക്ക്

## സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സ്ത്രീകൾക്കെതിരെയും കുട്ടികൾക്കെതിരെയുമുള്ളകുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; 1.6.2013 മുതൽ 31.3.2014വരെ വിവിധജില്ലകളിലെ പോലീസ്സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തകേസുകൾ സംബന്ധിച്ചവിശദാംശം നൽകാമോ; | (എ) നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 01.06.2013 മുതൽ 31.03.2014 വരെ 11992 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) 1.6.2012-ലെ കണക്കുമായി താരതമ്യം ചെയ്യുമ്പോൾകുറ്റകൃത്യങ്ങളിൽ വർദ്ധനവ് വരുവാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ; | (ബി) പോലീസ് പൊതുജന ബന്ധം ശക്തമായി നിലനിൽക്കുന്നതുകൊണ്ട് കുറ്റകൃത്യങ്ങൾ അടിയന്തിരമായി പോലീസിൽ അറിയിക്കുകയും, പോലീസ് ലഭിക്കുന്ന പരാതികളിലെല്ലാം തന്നെ യഥാസമയം കേസ് രജിസ്റ്റർ ചെയ്യുന്നതിനാലുമാണ് നേരിയ വർദ്ധനവ് ഉണ്ടായിട്ടുള്ളത്. |
| (സി) പോലീസ്സേനയെ ക്രമസമാധാനവും കുറ്റാന്വേഷണവും എന്നീ 2 വിഭാഗങ്ങളാക്കി കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന്റെ ഇപ്പോഴത്തെഅവസ്ഥ വിശദമാക്കുമോ; | (സി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ക്രമസമാധാനവും കുറ്റാന്വേഷണവും പരീക്ഷണാടിസ്ഥാനത്തിൽ രണ്ടുവിഭാഗങ്ങളാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ വിശകലനങ്ങൾ നടത്തിവരികയാണ്. |
| (ഡി) ശ്രീ. പ്രേംശങ്കർ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചുവോ;വിശദാംശം ലഭ്യമാക്കുമോ? | (ഡി) ഇല്ല. |

സെക്ഷൻഓഫീസർ